(ബി&സി) കെ.എസ്.എഫ്.ഇ.യുടെ പ്രധാന ബിസിനസ്സ് ചിട്ടി ആണെങ്കിലും സർക്കാരിന്റെ പ്രത്യേക അനുമതിയോടെ സ്ഥിരനിക്ഷേപം, ഹ്രസ്വകാല നിക്ഷേപം, ചിട്ടി സെക്യൂരിറ്റി നിക്ഷേപം, സുഗമ നിക്ഷേപം മുതലായ നിക്ഷേപ പദ്ധതികളും സ്വർണ്ണപണയ വായ്പ, വ്യക്തിഗത വായ്പ, ഭവന വായ്പ, വിദ്യാഭ്യാസ വായ്പ, ചിട്ടി വായ്പകൾ, ഗൃഹോപകരണ-വാഹന വായ്പകൾ, ഹരിതം വായ്പ മുതലായ വായ്പ പദ്ധതികളും നടപ്പിലാക്കി വരുന്നു.

ബാങ്കിംഗ് ഇതര സ്ഥാപനമായ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കും നിർമ്മാണ, റിയൽ എസ്റ്റേറ്റ് മേഖലകൾക്കും വായ്പ നൽകിവരുന്നു.

കെ.എസ്.എഫ്.ഇ.-യിൽ ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവ്

171 (6622) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മാർച്ച് മാസത്തെ ബിസിനസ്സ് അനുസരിച്ച് കെ.എസ്.എഫ്. ഇ.-യിൽ എത്ര ജൂനിയർ അസിസ്റ്റന്റ്മാരുടെ ഒഴിവ് ഉണ്ട് ; ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) കെ.എസ്.എഫ്.ഇ.യിലെ ഓഫീസ് അറ്റൻഡന്റ്മാരുടെ പ്രമോഷൻ ലിസ്റ്റിൽ ഇനി എത്ര പേർക്ക് പ്രമോഷൻ ലഭിക്കാനുണ്ട് ; ഇവർക്ക് പ്രമോഷൻ നൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചു ;

(സി) കെ.എസ്.എഫ്.ഇ.യിലെ ഓഫീസ് അറ്റൻഡന്റ്മാരുടെ പ്രമോഷൻ അനുപാതം 5% ത്തിൽ നിന്നും 10% ആയി ഉയർത്തിയ സർക്കാർ ഉത്തരവ് നടപ്പിലാക്കിയോ ?

ഉത്തരം

(എ) 2014 മാർച്ച് മാസത്തെ ബിസിനസ്സ് അനുസരിച്ച് കെ.എസ്.എഫ്. ഇ.-യിൽ 953 ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 10 പേർക്കുകൂടി പ്രൊമോഷൻ ലഭിക്കാനുണ്ട്. ഓഫീസ് അറ്റൻഡന്റു മാരുടെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയ മനത്തിന് അനുവദനീയമായ നിശ്ചിത അനുപാതത്തിലുള്ള ഒഴിവുകൾ ലഭ്യ മാകുന്ന മുറയ്ക്ക് ഇവർക്ക് പ്രൊമോഷൻ നൽകുന്നതാണ്.

(സി) കെ.എസ്.എഫ്.ഇ.-ലെ ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ അനുപാതം അഞ്ച് ശതമാനത്തിൽനിന്നും പത്ത് ശതമാനമായി ഉയർത്തിയത്, അധിക വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സ്പെഷ്യൽ റൂൾ ഭേദഗതിക്ക് വിധേയമായിട്ടാണ്. എന്നാൽ അധിക യോഗ്യത ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഈ ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly